# തെരഞ്ഞെടുപ്പിലെ ചില അപരശബ്ദങ്ങൾ....

## പാതിസീറ്റുകൾ സ്ത്രീകൾക്ക്, അല്ലെങ്കിൽ വോട്ട് 'നോട്ട'യ്ക്ക്

### ലിംഗനീതിക്ക് വേണ്ടിയുള്ള പെൺകൂട്ടായ്മ

**14–ാം** നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിലും ജനസംഖ്യയിലും സമ്മതിദായകരിലും പാതിയിലേറെയുള്ള സ്ത്രീകളുടെ എണ്ണം രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥി പട്ടികയിൽ 10 ശതമാനത്തിൽ ഒതുങ്ങി. ചില രാഷ്ട്രീയ പാർട്ടികൾ സ്ത്രീകൾക്ക് സ്ഥാനാർത്ഥിത്വമേ നൽകിയില്ല. രാജ്യസഭ പാസ്സാക്കിയിട്ടും ലോകസഭയിൽ പാസാക്കാൻ കഴിയാത്ത വനിതാസംവരണ ബില്ലിൽ കേരളത്തിലെ രാഷ്ട്രീയപ്പാർട്ടികൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ തങ്ങളുടെ സ്ഥാനാർത്ഥി നിർണ്ണയ പട്ടികയിൽ അർഹമായ സ്ഥാനം സ്ത്രീകൾക്ക് നൽകി സ്ത്രീകളെ നിയമസഭയിലേക്കും ലോകസഭയിലേക്കും അയയ്ക്കുകയാണ് വേണ്ടത്. 1957ൽ നിലവിൽ വന്ന ഒന്നാം നിയമസഭയിൽ 127 അംഗങ്ങളിൽ ആറ് സ്ത്രീകളാണുണ്ടായിരുന്നത്. കേവലം 4.7 ശതമാനം. ഒമ്പത് സ്ത്രീകളായിരുന്നു അന്ന് മത്സരരംഗത്തുണ്ടായിരുന്നത്. അരനൂറ്റാണ്ട് പിന്നിട്ട 13–ാം നിയമസഭയിൽ എത്തുമ്പോൾ 140 അംഗങ്ങളിൽ ഏഴ് സ്ത്രീകൾ മാത്രമാണുണ്ടായിരുന്നത്. വെറും 5 ശതമാനം. എൽ.ഡി.എഫിന്റെ ആറും യു.ഡി.എഫിന്റെ ഒന്നും. 1957 മുതൽ 2011 വരെയുള്ള കേരള നിയമസഭയിൽ ഒരിക്കൽപ്പോലും സ്ത്രീ പ്രാതിനിധ്യം 10 ശതമാനത്തിൽ എത്തിയിട്ടില്ല. കേരള ചരിത്രത്തിൽ ഒരിക്കലും ഇതുവരെ ഒന്നിലധികം സ്ത്രീകൾ ഒരു മന്ത്രിസഭയിലും ഉണ്ടായിട്ടുമില്ല. മന്ത്രിസഭയിൽ സ്ത്രീ പ്രാതിനിധ്യം ഇല്ലാത്ത രണ്ട് നിയമസഭകളും കേരള ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. ലോകസഭയിലേക്കാണെങ്കിൽ ഇത്രയും കാലത്തിനിടയിൽ കേരളം തെരഞ്ഞെടുത്തയച്ചത് എട്ട് സ്ത്രീകളെ മാത്രം. മുഖ്യമന്ത്രി സ്ഥാനത്തേക്ക് ഒരു സ്ത്രീയെപ്പോലും ആരും പരിഗണിച്ചിട്ടില്ല. മത്സരിക്കാൻ സ്ത്രീകൾ തയ്യാറാകാത്തതുകൊണ്ടോ അനുഭവ പാരമ്പര്യവും കാര്യപ്രാപ്തിയുമുള്ള സ്ത്രീകൾ രാഷ്ട്രീയ പാർട്ടികളിൽ ഇല്ലാത്തതുകൊണ്ടുമല്ല ഇത്. കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സ്ത്രീ പുരുഷ സമത്വവും ലിംഗനീതിയും അംഗീകരിക്കാൻ തയ്യാറല്ലാത്ത പുരുഷാധിപത്യത്തിന്റെ നിയന്ത്രണത്തിൽ തന്നെ നിൽക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. സ്ത്രീകളെ അധികാരത്തിൽ നിന്ന് ബോധപൂർവ്വം മാറ്റി നിർത്തുന്ന ഈ രാഷ്ട്രീയ കുറ്റകൃത്യത്തിനെതിരെ ഇനിയെങ്കിലും നാം പ്രതികരിച്ചേ തീരൂ. "പാതിസീറ്റുകളിൽ സ്ത്രീകളെ സ്ഥാനാർത്ഥികളാക്കാൻ തയ്യാറായില്ലെങ്കിൽ നിങ്ങൾക്ക് വോട്ടുചെയ്യാൻ ഞങ്ങൾ തയ്യാറല്ല. ഞങ്ങളുടെ വോട്ട് 'നോട്ട'യ്ക്ക്" എന്ന കാമ്പയിൻ അതിന്റെ ഭാഗമായാണ് സംഘടിപ്പിക്കപ്പെട്ടത്. ■

## തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാനും അവകാശമുണ്ട്

**നിയമസഭാ** തെരഞ്ഞെടുപ്പ് ബഹളങ്ങൾക്കിടയിൽ, തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്യുന്ന പോസ്റ്റർ പതിച്ചുവെന്ന് ആരോപിച്ച് പോരാട്ടം പ്രവർത്തകരായ അജിതൻ, സാബു, ചാത്തു, ഗൗരി, പാഠാന്തരം മാസികയുടെ ദിലീപ് എന്നിവരെ അറസ്റ്റു ചെയ്ത് യു.എ.പി.എ നിയമപ്രകാരം കേസെടുത്ത് ജയിലിലടച്ച പോലീസ് നടപടി തീർത്തും അപലപനീയം. വിയോജിക്കാനുള്ള അവകാശം നിലനിൽക്കുന്ന ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാനും അവകാശമുണ്ടെന്നിരിക്കെ, തെരഞ്ഞെടുപ്പ് ബഹിഷ്കരണത്തിന്റെ പേരിൽ ഇവരെ അറസ്റ്റുചെയ്ത് യു.എ.പി.എ പ്രകാരം കേസെടുത്ത നടപടി ചോദ്യം ചെയ്യപ്പെടേണ്ടതാണ്. തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നതുപോലെ വോട്ടുചെയ്യാതിരിക്കാനുള്ള അവകാശവുമുണ്ട് എന്നത് സുപ്രീംകോടതി തന്നെ വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്. വോട്ട് ചെയ്യാതിരിക്കാനുള്ള അവകാശത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനായി NOTA ബട്ടൺ ഏർപ്പെടുത്താൻ കോടതി ഉത്തരവിറക്കിയതും വിയോജിക്കാനുള്ള അവകാശം മാനിച്ചുകൊണ്ടാണ്. പി.യു.സി.എൽ സുപ്രീംകോടതിയിൽ സമർപ്പിച്ച പൊതുതാത്പര്യ ഹർജിയിലാണ് ഈ വിധിയുണ്ടായത്. വോട്ട് ചെയ്യാനുള്ള അവകാശം പോലെ തന്നെ വോട്ട് ചെയ്യാതിരിക്കാനുള്ള അവകാശവും പൗരനുണ്ടെന്നും രാജ്യത്തെ ഇലക്ഷൻ നിയമങ്ങൾ ഈ അവകാശം അംഗീകരിച്ചിട്ടുണ്ടെന്നും കോടതിഅന്ന് വ്യക്തമാക്കി. ഇതിനു മുൻപും തെരഞ്ഞെടുപ്പു ബഹിഷ്ക്കരണ പ്രചരണം നടത്തിയതിന്റെ പേരിൽ ധാരാളം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അതെല്ലാം തള്ളിപോവുകയാണ് ചെയ്തത്. ഇക്കാര്യങ്ങളൊന്നും പരിഗണിക്കാതെയാണ് കേരളത്തിൽ വീണ്ടും തെരഞ്ഞെടുപ്പ് ബഹിഷ്കരണത്തിന്റെ പേരിൽ അറസ്റ്റുണ്ടായിരിക്കുന്നത്. തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാൻ നിയമപരമായ അവകാശമുള്ള നാട്ടിൽ അതിനെതിരെ യു.എ.പി.എ ചാർത്തി കേസെടുക്കുന്നത് വളരെ ഗുരുതരമായ പ്രശ്നമാണ്. യു.എ.പി.എ നിയമത്തിന്റെ ദുരുപയോഗം ഒരിക്കൽക്കൂടി വെളിപ്പെടുത്തുന്നു ഈ സന്ദർഭം. അർഹിക്കുന്ന ഗൗരവത്തോടെ ജനാധിപത്യഭരണകൂടവും നിയമസംവിധാനങ്ങളും ഇക്കാര്യം പരിഗണിക്കേണ്ടതുണ്ട്. ■